

ചിത്രം നോക്കൂ...... എന്താണ് കാണുന്നത്?

എങ്ങനെയാണ് ഭക്ഷണപദാർത്ഥങ്ങളിൽ പൂപ്പൽ വളരുന്നത്?

എവിടെയൊക്കെയാണ് പൂപ്പലുകൾ കാണപ്പെടുന്നത്?







പൂപ്പൽ കാണപ്പെടുന്നത് കേടായ ഭക്ഷണങ്ങളിലും അതുപോലെ നനഞ്ഞ സ്ഥലങ്ങളിലും ആണ്.

# ശവോപജീവികൾ



മോണോട്രോപ്പ



നിയോട്ടിയ

ഹരിതകമില്ലാത്ത ഇവയ്ക്ക് എങ്ങനെയാണ് ഭക്ഷണം ലഭിക്കുന്നത് ?

ഇത്തരം സസ്യങ്ങൾ ജീർണാവശിഷ്ടങ്ങളിൽ നിന്ന് പോഷകഘടകങ്ങൾ ആഗിരണം ചെയ്താണ് വളരുന്നത്. ഇത്തരം സസ്യങ്ങളെ ശവോപജീവികൾ എന്നു പറയുന്നു.

പൂപ്പലുകളും ശവോപജീവികളിൽ പെടുന്നു.

  

കുടപോലെ മുളച്ചുപൊന്തുന്ന കൂണുകൾ നമുക്ക് സുപരിചിതമാണല്ലോ. ഇവയും പൂപ്പൽ വിഭാഗത്തിൽ പെട്ടവയാണ്.

- കൂണുകൾ എവിടെയെല്ലാമാണ് കാണുന്നത്?
- നിറം, വലുപ്പം എന്നിവയിൽ ഇവയ്ക്ക് വ്യത്യാസമുണ്ടോ?

ജീർണിച്ച മരങ്ങളിലും നനവുള്ള സ്ഥലങ്ങളിലും കാണപ്പെടുന്നു.
വിവിധ നിറങ്ങളിലും വലുപ്പത്തിലും കാണപ്പെടുന്നു.

# ശവോപജീവികൾ

- അച്ചാറിലും റൊട്ടിയിലും കാണുന്ന പൂപ്പൽ ശവോപജീവികൾ ആണ്.
- കൂണുകൾ പൂപ്പൽ വിഭാഗത്തിൽപ്പെടുന്നു.
- നിയോട്ടിയ, മോണോട്രോപ്പ, കൂണുകൾ, അച്ചാറിലെ പൂപ്പൽ, റൊട്ടിയിലെ പൂപ്പൽ ഇവയൊക്കെ ശവോപജീവികൾക്ക് ഉദാഹരണമാണ്.
- ജീർണ്ണാവശിഷ്ടങ്ങളിൽ നിന്നും പോഷകഘടകങ്ങൾ ആഗിരണം ചെയ്ത് വളരുന്ന സസ്യങ്ങളെ ശവോപജീവികൾ എന്ന് പറയുന്നു.